بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 21.09.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*21.09.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ജർമനിയിലെയും ബെൽജിയത്തിലെയും വിജയകരമായ ജൽസ സാലാന**
**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അനുഗൃഹീത സാന്നിധ്യം**
**വിവിധ രാജ്യങ്ങളിലെ അനഹ്മദികളും അമുസ്‌ലിംകളുമായ അതിഥികളുടെ ഹൃദ്യമായ പ്രതികരണങ്ങൾ**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

കഴിഞ്ഞ ദിനങ്ങളിൽ എനിക്ക് ജർമനിയുടെയും ബെൽജിയത്തിന്റെയും ജൽസ സാലാനകളിൽ പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ടു ജൽസകളും വളരെ അനുഗൃഹീതങ്ങളായിരുന്നു. ജർമനി ജമാഅത്തിൽ ജൽസയുടെ സംവിധാനം ഒരളവോളം സുസംഘടിതമായിരിക്കുന്നു. ചുറ്റുമുള്ള കിഴക്കൻ യൂറോപ്പിലെ ആളുകളെ കൂടാതെ മറ്റു രാജ്യങ്ങളിൽ നിന്നും ജൽസയിൽ പങ്കെടുക്കാൻ ജനങ്ങൾ എത്താറുണ്ട്. ഈ വർഷം ചില ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നു പോലും ആളുകൾ അവിടെ ജൽസയിൽ പങ്കെടുത്തു. പുറത്തു നിന്നു വരുന്ന അതിഥികൾക്ക് നമ്മുടെ ജൽസകളിൽ നല്ല മതിപ്പു തോന്നാറുണ്ട്. അതവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമെന്തെന്ന് ഞങ്ങൾക്ക് ഇവിടെ വന്നപ്പോൾ മനസ്സിലായി എന്ന് ജൽസയുടെ സംവിധാനത്തെയും പൊതുവായ അന്തരീക്ഷത്തെയും അനുമോദിച്ചു കൊണ്ട് അവർ പറഞ്ഞു. ഇവർ ജൽസയിൽ പങ്കെടുക്കുമ്പോൾ ഓരോ പ്രവർത്തകനെയും ഓഫീസറെയും അഹ്മദിയെയും ഇവരുടെ പ്രവർത്തനം എന്താണെന്ന് സൂക്ഷ്മമായി വീക്ഷിക്കുന്നു. അധ്യാപനം നല്ലതും അതിൽ വിശ്വസിക്കുന്നവരുടെ കർമം ചീത്തയുമാണെങ്കിൽ ആ അധ്യാപനം സദ്ഫലം ഉളവാക്കുന്നതല്ല. ഈ നിലയിൽ ജൽസയുടെ എല്ലാ സന്നദ്ധസേവകരും പങ്കെടുക്കുന്നവരും ഒരു മൗനപ്രബോധനത്തിന്റെ ഭാഗമാവുകയാണ് ചെയ്യുന്നത്; അമുസ്‌ലിംകളുടെ മനസ്സിൽ നിന്ന് ഇസ്‌ലാമിനെ സ്സംബന്ധിച്ച തെറ്റായ മനോഭാവവും മുൻവിധിയും അകറ്റുകയാണ് ചെയ്യുന്നത്. ആകയാൽ, ജമാഅത്ത്, അതെവിടെയാണെങ്കിലും എവിടത്തേതാണെങ്കിലും ശരി, അന്യരിൽ സ്വാധീനം സൃഷ്ടിക്കുകയും അതു തബ്‌ലീഗിനുള്ള മാർഗമായിത്തീരുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ബൈഅത്തിൽ വന്നിട്ടുള്ളവർ തങ്ങളുടെ അവസ്ഥകളെ എത്രമാത്രം മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഓരോ ജമാഅത്തംഗവും വിലയിരുത്തുക.

ഇരുജൽസകളിലും പ്രവർത്തിച്ചവരോട് ഞാൻ നന്ദി പറയുകയാണ്. ജർമനിയിലും ബെൽജിയത്തിലും അവർ തങ്ങളുടെ കഴിവും പ്രാപ്തിയുമനുസരിച്ച് ജൽസയിൽ പങ്കെടുത്ത അതിഥികളെ സേവിച്ചു. അതുപോലെ, പങ്കെടുത്ത എല്ലാവരും അവിടത്തെ അഹ്മദികളോടും നന്ദി പറയേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അതിഥികളെ സേവിക്കാൻ തങ്ങളെ സമർപ്പിച്ചിട്ടുള്ള ഇവർ സമൂഹത്തിന്റെ വിവിധ ശ്രേണിയിലുള്ളവും വിവിധ സ്വഭാവക്കാരുമാണ്. അതുപോലെ, അല്ലാഹു സേവനത്തിനുള്ള അവസരം നല്കിയതിൽ പ്രവർത്തകരും നന്ദി പ്രകടിപ്പിക്കണം. വന്നു പോയിട്ടുള്ള കുറ്റങ്ങളെയും കുറവുകളെയും സംബന്ധിച്ച് ഭാവിയിൽ എന്തു ചെയ്യാനാകുമെന്ന് ചിന്തിക്കുക. വരും വർഷങ്ങളിൽ എങ്ങനെ മെച്ചപ്പെടുത്താമെന്ന് നോക്കുക. വിശേഷിച്ചും സംഘാടകരും ഓഫീസർമാരും ഒരു പരിശോധന നടത്തേണ്ടതാണ്. തങ്ങളുടെ പദ്ധതികളെക്കുറിച്ച് പരിശോധിച്ച് കുറവുകൾ ആവർത്തിക്കാതിരിക്കാൻ അവയെ റെഡ് ബുക്കിൽ എഴുതിച്ചേർക്കുക.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇനി ഞാൻ അതിഥികളുടെ പ്രതികരണങ്ങൾ നിങ്ങളുടെ മുൻപാകെ വെയ്ക്കാം. ജൽസയുടെ അനുഗ്രഹങ്ങൾ അഹ്മദികളെ മാത്രമല്ല, അന്യരെയും സ്വാധീക്കുന്നുവെന്ന് ആ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാകുന്നു.

ബോസ്നിയയിൽ നിന്ന് ഒരനഹ്മദി പള്ളിയിലെ ഇമാം വന്നിരുന്നു. അദ്ദേഹം പറയുന്നു: അഹ്മദികളുടെ ഇടയിൽ അല്പം സമയം ചെലവഴിച്ചതിലൂടെ എനിക്ക് മനസ്സിലായത് നിങ്ങൾ തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ശരിയായ അർഥത്തിൽ പ്രചരിപ്പിക്കുന്നത് എന്നാണ്. അദ്ദേഹം പറഞ്ഞു: “അഹോ കഷ്ടം! മുസ്‌ലിംകൾ ദീനും ദുനിയാവും പഠിക്കുന്നതിൽ വളരെ പിന്നാക്കമായിരിക്കുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിന്റെ നേതൃത്വത്തിൽ മതവിജ്ഞാനം പ്രചരിപ്പിക്കുന്നതിൽ സുസംഘടിതമായി ശ്രമിച്ചു വരുന്നു. മുസ്‌ലിംകളുടെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചു കൊണ്ടു വരാൻ ശ്രമിക്കുകയാണ്.”

മോണ്ടിനീഗ്രോയിലെ കാഴ്ചക്കുറവുള്ള ഒരാൾ പറ

യുന്നു: “കാഴ്ചക്കുറവുള്ള ആളാണു ഞാൻ. എങ്കിലും ഈ ജൽസയിൽ പങ്കെടുത്ത് മനക്കണ്ണുകൊണ്ട് ഞാൻ എല്ലാം കണ്ടു. ഈ ജൽസ മുഖേന സ്വാത്മാവിന്റെ ദാഹം തീർത്തുകൊണ്ടാണ് ഞാൻ മടങ്ങുന്നത്. എന്റെ രാജ്യത്താണെങ്കിൽ ജനങ്ങൾ ദീനിൽ നിന്ന് വളരെ അകന്നിരി ക്കുന്നു. ആത്മീയത എന്താണെന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ ജൽസവേളയിൽ ദൈവത്തിന്റെ സാന്നിധ്യം ഞാൻ അനുഭവിച്ചു. അതിന്റെ അനുഗ്രഹങ്ങൾ ശാന്തിയുടെയും സമാധാനത്തിന്റെയും മന:ശാന്തിയുടെയും രൂപത്തിൽ വർഷിച്ചു കൊണ്ടിരിക്കുന്നു. അതിൽ ഞാനും ഭാഗഭാക്കായി.”

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഈ വർഷം ജർമൻ ജൽസയിൽ ബൾഗേറിയയിൽ നിന്നും 56 അംഗ പ്രതിനിധി സംഘം പങ്കെടുത്തു. അതിൽ 31 പേരും അനഹ്മദികളായിരുന്നു. അവർ എന്നെ കാണുകയും ചെയ്തു. സംഘത്തിലെ ഒരു വനിത തന്റെ പ്രതികരണം അറിയിച്ചു കൊണ്ടു പറഞ്ഞു: “പല പരിപാടികളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസയിൽ ഒരാത്മീയന്തരീക്ഷം ഉണ്ടായിരുന്നു. ചുറ്റുപാടും ശാന്തിനിർഭരം. ജനഹൃദയങ്ങളിൽ ഞങ്ങളെക്കുറിച്ച് സ്നേഹാദരങ്ങളായിരുന്നു. അവരുടെ കണ്ണുകളിൽ നിന്ന് അവർ എത്രമാത്രം പരിശുദ്ധരായ ആളുകളാണെന്ന് ഊഹിക്കാമായിരുന്നു. ഇപ്പോഴത്തെ ഖലീഫയുടെ പ്രസംഗം എന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. പ്രഭാഷണത്തിനിടെ ഞാൻ കരയുകയായിരുന്നു. ഒരു പുതിയ ജീവിതം ആരംഭിച്ചതായി എനിക്കു തോന്നി. ഈ കാര്യങ്ങളുടെ വെളിച്ചത്തിൽ ശേഷമുള്ള ജീവിതവും നയിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. ഈ ആത്മീയന്തരീക്ഷത്തെ പ്രയോജനപ്പെടുത്താൻ അവസരം നല്കിയതിൽ നന്ദി.”

ഒരു ക്രിസ്ത്യൻ വനിത ക്രേസി മീര സാഹിബ പറയുന്നു: “ഞാൻ എന്റെ ഭർത്താവും കുട്ടികളുമൊന്നിച്ചാണ് ജൽസയിൽ പങ്കെടുത്തത്. ഈ രീതിയിൽ വ്യവസ്ഥാപിതമായ ഒരു ആതിഥ്യസത്ക്കാരം മുൻപൊരിക്കലും ഞാൻ കണ്ടിട്ടില്ല. മാതാപിതാക്കളെ ആദരിക്കുകയും കുട്ടികളെ നല്ലരീതിയിൽ പരിപാലിക്കുകയും ചെയ്യുന്നതിപ്പറ്റി ഒരു പാട് പഠിക്കാനായി. ഇതിനെ ഞാൻ എന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നതാണ്. പുരുഷന്മാർ സ്ത്രീകളെ ബഹുമാനിക്കുന്നതു കണ്ടപ്പോൾ അദ്ഭുതം തോന്നി. സ്ത്രീകൾക്ക് ഇത്രമാത്രം ആദരവും ബഹുമാനവും നല്കുന്നത് ഞാൻ ക്രിസ്തുമതത്തിൽ കണ്ടിട്ടില്ല. താങ്കളോടു നന്ദി പറയുന്നതോടൊപ്പം പ്രാർഥിക്കുകയും ചെയ്യുന്നു.”

ഹുസൂർ തിരുമനസ്സ് പറഞ്ഞു: പുരുഷൻമാർക്കും ഇതൊരു പാഠമാണ്. ജൽസയുടെ ദിനങ്ങളിൽ മാത്രമല്ല, സ്ത്രീകളോട് എപ്പോഴും ആദരവും ബഹുമാനവും അവരുടെ ഹൃദയങ്ങളിൽ ദൈവകല്പനപ്രകാരം ഉണ്ടായിരിക്കേണ്ടതാണ്.

മുഹമ്മദ് യൂസുഫ് സാഹിബ് പറയുന്നു: “ജമാഅത്തിനെതിരെ ഒരുപാട് കാര്യങ്ങൾ ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ജൽസയുടെ അന്തരീക്ഷം കണ്ടതോടെ എന്റെ മനസ്സിൽ എല്ലാ നിലയലും പരിശുദ്ധമായി. നന്മയും ഖുർആന്റെയും ഹദീസിന്റെയും അധ്യാപനങ്ങളുമായിരുന്നു എങ്ങും. ഏവരോടു സ്നേഹം; ആരോടുമില്ല വെറുപ്പ് എന്ന മുദ്രാവാക്യം എന്നെ വളരെ ആകർഷിച്ചു. സർവത്ര ശാന്തി, ശാന്തി മാത്രം. പ്രത്യേകിച്ചുംനിലവിലെ ഖലീഫയുടെ പ്രസംഗവേളയിൽ വല്ലാത്ത മന:ശാന്തിയായിരുന്നു അനുഭവപ്പെട്ടത്. അഹ്മദിയ്യത്തിൽ പ്രവേശിക്കുമെന്ന് ജൽസവേളയിൽ തന്നെ ഞാൻ തീരുമാനിച്ചു. ജമാഅത്തിന്റെ സന്ദേശം ഇനിയങ്ങോട്ട് ഞാൻ പ്രചരിപ്പിക്കുന്നതാണ്.”

ഹുസൂർ തിരുമനസ്സ് പറഞ്ഞു: “ലാറ്റ്വിയ്യായിൽ നിന്ന് ഒരു മെഡിക്കൽ വിദ്യാർഥി വന്നിരുന്നു. അദ്ദേഹം പറയുന്നു: ജർമനിയിലെ ജൽസ സാലാനയിൽ പങ്കെടുക്കുക എന്നത് എന്നെസ്സംബന്ധിച്ചിടത്തോളം വലിയ ബഹുമതിയാണ്. എനിക്ക് ഈ ജൽസ ഉറച്ച വിശ്വാസമുള്ള ശാന്തി പ്രാപിച്ച ആത്മാക്കളുടെ സമ്മേളനമായിട്ടാണ് അനുഭവപ്പെട്ടത്. സമാധാനനിർഭരമായ സാഹോദര്യത്തിന്റെ വക്താക്കളാണിവർ. പ്രസംഗം കേൾക്കുന്നതിലും തങ്ങളുടെ ജോലി ചെയ്യുന്നതിലും മുഴുകിയിരിക്കുന്നതു കാണുമ്പോൾ അദ്ഭുതം തോന്നിയിരുന്നു.”

ലേറ്റ്വിയയിൽ നിന്ന് ഒരു പാക്കിസ്താനി അനഹ്മദി ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറയുന്നു: “ഇത്രത്തോളം സ്നേഹവും ആദരവും ആതിഥ്യമര്യാദയും ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. എല്ലാ അമുസ്ലിംകളിലും ഇതു മതിപ്പുളവാക്കുമെന്നറിഞ്ഞപ്പോൾ സന്തോഷം തോന്നി. എന്റെ ഫിർഖയാണോ സത്യം, അതല്ല അഹ്മദിയ്യ ഫിർഖയാണോ എന്ന് ചിന്തിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. ചില അമുസ്ലിം സുഹൃത്തുക്കളും എന്നോടൊപ്പം ഉണ്ടായിരുന്നു. ഈ മുസ്ലിംകളുടെ ഈ പെരുമാറ്റവും അഹ്മദിയ്യ ജമാഅത്ത് നല്കിയ സ്നേഹാദരവും അവരെ ഹഠാദാകർഷിച്ചു. എല്ലാവരും വളരെ സ്നേഹത്തോടെ പെരുമാറുകയും വഴിപറഞ്ഞു തരികയും ചെയ്തു. ഇത്ര വലിയ ജൽസയെ മനോഹരമായി കൈകാര്യം ചെയ്തു. ഞാൻ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.”

ലേറ്റ്വിയാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ശ്രീലങ്കൻ ലക്ചറർ ജൽസയിൽ പങ്കെടുത്തു. പറയുന്നു: “ഈ പരിപാടിയിൽ നിന്നും ഞാൻ മനസ്സിലാക്കിയ ഏറ്റവും നല്ല കാര്യം അഹ്മദിയ്യാ ജമാഅത്ത് സ്നേഹം പുലർത്തുന്ന ജമാഅത്താണ് എന്നാണ്. ശ്ലാഘനീയമായ സംഗതിയാണിത്. നിങ്ങളുടെ ജമാഅത്തിന്റെ സംഘടനാ പാടവം കാണുമ്പോൾ അദ്ഭുതപ്പെടാതെ വയ്യ. ലോകത്തെ ശരിയായ ദിശയിൽ നയിക്കാൻ നിങ്ങൾക്കാകുമെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

ലാറ്റ്‌വിയയിൽ നിന്ന് ഗ്ലോറിയ എന്ന വിദ്യാർഥി ആദ്യമായിട്ടാണ് വന്നത്. ഇസ്‌ലാമിക പരിപാടിയിൽ ആദ്യമായാണ് ഇവർ പങ്കെടുക്കുന്നത്. പറയുന്നു: എല്ലാം എനിക്ക് നന്നായി ഇഷ്ടപ്പെട്ടു; ഭക്ഷണപാനീയങ്ങൾ ഉൾപ്പെടെ. ആളുകൾ നന്നായി പെരുമാറുന്നവരാണ്. ഡ്യൂട്ടിയിലുണ്ടായിരുന്ന ലജ്നകൾ എപ്പോഴും പുഞ്ചിരിച്ചു കൊണ്ടാണ് പെരുമാറിയത്. ഈ കോൺഫെറൻസിൽ പങ്കെടുത്തതു മൂലം ഇസ്‌ലാമിനെസ്സംബന്ധിച്ച എന്റെ കാഴ്ചപ്പാടുകൾ ആകെ മാറിയിരിക്കുന്നു. നന്മ ആഗ്രഹിക്കുന്ന ചിലരെങ്കിലും ലോകത്തുണ്ടല്ലോ എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.

കോസ്‌വോയിൽ നിന്ന് ഒരു വക്കീൽ സാഹിബ് തന്റെ പ്രതികരണം വിവരിക്കുന്നു: ജൽസയുടെ സംവിധാനം കാണുമ്പോൾ  ഓരോരുത്തരും ഖിലാഫത്തിനോടുള്ള അനുസരണത്തിൽ ആവേശഭരിതരായി കൊണ്ട് സ്വന്തം ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതായി തോന്നുന്നു. ഈ അനുസരണമെല്ലാം അഹ്‌മദിയ്യാ ജമാഅത്തിന് ലഭിച്ചിട്ടുള്ള ഇപ്പോഴത്തെ ഖലീഫയോടുള്ള സ്നേഹമാണ് പ്രകടമാക്കുന്നത്. ഖലീഫയുമായി കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചു. ജമാഅത്തിലെ ഓരോ അംഗവും ഒരു മാലയിലെന്നപോലെ കോർത്തിണക്കപ്പെട്ടിരിക്കുന്നു. കോസ്‌വോയിലും ഇത്തരത്തിലുള്ള സമ്മേളനങ്ങൾ നടക്കാറുണ്ടെങ്കിലും ഈ ജൽസയിൽ പങ്കെടുക്കുമ്പോൾ മനുഷ്യനുണ്ടാകുന്ന അവസ്ഥ ഒന്നു വേറെ തന്നെയാണ്. എല്ലാ വർണ്ണത്തിലും വർഗത്തിലും ഉള്ളവർ ഇതിലുണ്ട്. ഓരോരുത്തരെയും അവരവരുടെ ആവശ്യമനുസരിച്ച് ശ്രദ്ധിക്കുന്നു.

കോസ്‌വോ സംഘത്തിൽ ഒരു ഫിസിക്സ് പ്രൊഫസറും ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: "ഇത്രയും ആളുകൾ ഒരു സ്ഥലത്ത് സമ്മേളിച്ച് അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുക സാധ്യമാണോ എന്നത് എന്നെ സ്സംബന്ധിച്ചിടത്തോളം അവിശ്വസനീയമായ കാര്യമായിരുന്നു. ഓരോ സംഗതിയും എങ്ങനെയാണ് വ്യവസ്ഥാപിതമായി നടക്കുന്നതെന്നും ആവശ്യങ്ങൾ നിറവേറ്റുന്നതെങ്ങനെയെന്നും ജൽസയിൽ പങ്കെടുത്ത് അതിന്റെ സംവിധാനം ഞാൻ സസൂക്ഷ്മം വിലയിരുത്തി. ഓരോ ജോലിക്കും ഒരു സേവകൻ നിശ്ചയിക്കപ്പെട്ടിരുന്നു. ലങ്കറിൽ ഞാൻ പോയി. അവിടെ ഞാൻ ഒരാളെ കണ്ടു. കഴിഞ്ഞ 22 വർഷമായി ഉള്ളി അരിയുന്ന സേവനമാണ് അയാൾ ചെയ്തു വരുന്നത്. 22 വർഷമായി ഉപയോഗിക്കുന്ന കത്തിയാണ് അയാളുടെ പക്കലുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഉപയോഗിച്ച, അദ്ദേഹത്തിന്റെ കൈ പതിഞ്ഞ കത്തിയാണ് ഇതെന്നും പറഞ്ഞു." അദ്ദേഹത്തെ ഇത് വല്ലാതെ സ്വാധീനിച്ചു.

മുഹമ്മദ് അക്ബർ സാഹിബ് എന്ന സുഹൃത്ത് പറയുന്നു: ഒരു മഹ്ദി വന്ന് ലോകത്ത് പരിവർത്തനം ഉണ്ടാക്കുമെന്ന് ചെറുപ്പം മുതൽ കേൾക്കുന്നു. ഞങ്ങൾ അദ്ദേഹത്തെ കാത്തിരുന്നു. ഞങ്ങൾ കാത്തിരുന്ന ആ മഹ്ദി കഴിഞ്ഞു കടന്നു പോയെന്നും അദ്ദേഹത്തിന്റെ ഖലീഫമാരുടെ ശൃംഖലയാണ് തുടർന്നു കൊണ്ടിരിക്കുന്നതെന്നും ആദ്യമായാണ് കേൾക്കുന്നത്. അഹ്‌മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങൾ ഞാൻ വായിക്കുന്നതാണ്. അതെന്നെ തൃപ്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ഹംഗറിയിലെ പ്രൊട്ടസ്റ്റന്റ് ചർച്ചിലെ ഒരു പാതിരി പറയുന്നു: ഞാനൊരു ക്രിസ്ത്യാനിയാണ്. എന്നാൽ നിങ്ങളുടെ ജൽസയിൽ വരുമ്പോൾ എന്റെ വിശ്വാസം ചൈതന്യവത്താകുന്നു. പുതുജീവനുമായാണ് ഞാൻ  തിരിച്ചു പോകുന്നത്.

ഹംഗറിയിലെ അഭയാർഥി ക്യാമ്പ് ഓഫീസിൽ പ്രവർത്തിക്കുന്ന  ആവാർഗ സാഹിബ് പറയുന്നു: ഒരാൾ മഹാനായ വ്യക്തിയെ കാണുമ്പോൾ വിസ്മയിക്കുകയും തന്റെ അന്തരാളങ്ങളിൽ വിറയൽ അനുഭവിക്കുകയും ചെയ്യുന്ന സന്ദർഭമാണ് ജൽസ സാലാന. മുദ്രാവാക്യം മുഴക്കുമ്പോൾ ഇമാം കല്പന നല്കേണ്ട താമസം അതിൽ ലബ്ബൈക്ക് പറഞ്ഞ് എന്തും ചെയ്യാൻ ഒരുങ്ങിയിരിക്കുന്നതു പോലെ തോന്നി. തുടക്കത്തിലൊക്കെ എനിക്ക് പേടിയായി. ഹംഗറിയിലാകട്ടെ, സമ്മേളനം പോയിട്ട് നൂറു പേർ ഉണ്ടായാൽ തന്നെ ഒരു മണിക്കൂറിനുള്ളിൽ അടിയുണ്ടാകും. എന്നാൽ ആയിരക്കണക്കിനാളുകളുടെ ശാന്തിനിർഭരമായ സമ്മേളനം ഞാൻ ഇതിനു മുൻപ് കണ്ടിട്ടില്ല.

ലത്യൂനിയയിൽ നിന്ന് അമ്പതുപേരടങ്ങുന്ന ഒരു സംഘം ജൽസയിൽ പങ്കെടുത്തു. അതിൽ നാല്പതു പേരും അനഹ്‌മദികളായിരുന്നു. പത്തുപേരാണ് അഹ്‌മദികളായി ഉണ്ടായിരുന്നത്.

ഒരു വനിത പറയുന്നു: ഞാൻ ജമാഅത്തിന്റെ തന്നെ ഭാഗമാണ് എന്നാണ് എനിക്ക് ജൽസവേളയിൽ തോന്നിയത്. സ്നേഹം സമത്വം,സേവനം എന്ന പാഠമാണ് ഈ ജൽസ നമുക്ക് നല്കുന്നത്. ഇതെങ്ങനെ പ്രയോഗവത്ക്കരിക്കാമെന്ന് ഈ ജൽസയിൽ കാണാവുന്നതാണ്.

താജക്കിസ്ഥാനിൽ നിന്നു വന്ന ഒരുനഹ്‌മദിയാണ് റഹീം സാഹിബ്. ഇദ്ദേഹം ഒരു രാഷ്ട്രീയക്കാരൻ കൂടിയാണ്. പറയുന്നു: ആദ്യമായാണ് ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. അഹ്‌മദിയ്യാ ജമാഅത്തിനെ അടുത്തറിയാനും സാധിച്ചു. എല്ലാ പ്രവർത്തകരും രാപകൽ ആവേശത്തോടെ ചെയ്യുന്ന ജോലികൾ എന്നെ സ്സംബന്ധിച്ചിടത്തോളം അനുകരണീയമായ മാതൃകയാണ്. അഹ്‌മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ എന്റെ മനസ്സിൽ തള്ളി നിന്ന അനേകം ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചു.

അൽബേനിയയിൽ നിന്നു വന്ന ബറക് സാഹിബ് എന്ന സുഹൃത്ത് പറയുന്നു: അഹ്മദിയ്യത്തിന്റെ കടുത്ത വിരോധിയായിരുന്നു ഞാൻ. എന്റെ സഹോദരനും സുഹൃത്തും അഹ്മദിയായിക്കഴിഞ്ഞിരുന്നു. സഹോദരൻ അഹ്മദിയ്യത്തിനെ വെറുക്കാൻ വേണ്ടി ഞാൻ ആവുന്നതും ശ്രമിച്ചു. ഒടുവിൽ, ദുആ ചെയ്താൽ സത്യവാൻ ജയിക്കുമെന്ന് ഞങ്ങൾക്കിടയിൽ ധാരണയായി. പറയുന്നു: നിരന്തരം ദുആ ചെയ്തതിന്റെ ഫലമായി ജൽസ സാലാനയും ഇപ്പോഴത്തെ ഖലീഫയെയും നേരിൽ കാണണമെന്ന് മനസ്സ് ആഗ്രഹിച്ചു. കാരണം, തീരുമാനം അപൂർണമാകരുതല്ലോ. അങ്ങനെ കഴിഞ്ഞ വർഷം ജൽസയിൽ പങ്കെടുത്തപ്പോൾ അല്പം തൃപ്തി തോന്നിയെങ്കിലും പിന്നെയും ചില അസ്വസ്ഥതകളുണ്ടായിരുന്നു. അങ്ങനെ നിർണായകമായ സമയം വന്നെത്തി. ഇപ്പോഴത്തെ ഖലീഫയുടെ മുഖകമലം ഞാൻ കണ്ടു. ഞാൻ നോക്കിയപ്പോൾ എന്റെ വിദ്വേഷവും ശത്രുതയും സംശയങ്ങളുമെല്ലാം ഹൃദയത്തിൽ നിന്നകന്നു. നിഷേധിക്കാൻ ഒരു പഴുതും ഇല്ലാതായി. അങ്ങനെ ജൽസയിൽ നിന്ന് തിരിച്ചെത്തിയ ശേഷം ഞാൻ ബൈഅത്ത് ഫോം പൂരിപ്പിച്ചു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: നമസ്കാരത്തിനു ശേഷം ഞാൻ ചില ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ കാനഡയിൽ ഹസനാത്ത് അഹ്മദ് സാഹിബിന്റേതാണ്. ആഗസ്റ്റ് 27ന് തൊണ്ണൂറ്റി രണ്ടാമത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. വാഗ്ദത്ത മസീഹിന്റെ സഹാബിയായ ഹദ്റത്ത് ഡോക്ടർ സയ്യിദ് ശഫീഅ് അഹ്മദ് സാഹിബ് മുഹക്കിക് ദഹ്‌ലവിയുടെയും സയ്യിദ ഖുറൈശ താഹിർ സാഹിബയുടെയും മകനായിരുന്നു. രണ്ടാമത്തെ ജനാസ മുബാറക ശൗക്കത്ത് സാഹിബയുടെതാണ്. ഇൻഡോനേഷ്യയിലെയും ഹോളണ്ടിലെയും മുബല്ലിഗ് ആയിരുന്ന ഹാഫിള് ഖുദ്റത്തുല്ലാഹ് സാഹിബിന്റെ ഭാര്യയായിരുന്നു. സെപ്റ്റംബർ 8ന് തൊണ്ണൂറ്റിനാലാമത്തെ വയസ്സിലാണ് അവർ വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ബാബു അബ്ദുല്ലത്തീഫ് സാഹിബിന്റെ മകളായിരുന്നു. മൂന്നാമത്തെ ജനാസ ആസ്ട്രേലിയയിലെ നായിബ് അമീർ ചൗധരി ഖാലിദ് സൈഫുല്ലാഹ് സാഹിബിന്റേതാണ്. സെപ്റ്റംബർ 16ന് എൺപത്തിയേഴാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 21.09.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516